# പതിനഞ്ചാം കേരള നിയമസഭ

# പതിനൊന്നാം സമ്മേളനം

2024 ജൂലൈ 10, ബുധൻ

**നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--30]**

**മറുപടി നൽകുന്ന മന്ത്രിമാർ**

**പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി**

**വനം-വന്യജീവി വകുപ്പ് മന്ത്രി**

**ജലവിഭവ വകുപ്പ് മന്ത്രി**

**മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി**

**<u>ജൈവ വൈവിധ്യ സംരക്ഷണം</u>**

*511 **ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ. എ. പ്രഭാകരൻ**
**ശ്രീ . കെ .ഡി .പ്രസേനൻ**
**ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സംരക്ഷിത പ്രദേശങ്ങളായി പരിപാലിക്കപ്പെടുന്ന വനമേഖലകളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ജൈവ വൈവിധ്യ സംരക്ഷണത്തിനുള്ള പ്രധാന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) ശോഷണം സംഭവിച്ച വനങ്ങളുടെ സംരക്ഷണത്തിന് പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) ജൈവ വൈവിധ്യ സംരക്ഷണത്തെ പ്രോത്സാഹിപ്പിക്കാൻ പ്രകൃതിമിത്ര അവാർഡ് ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

**<u>മത്സ്യത്തൊഴിലാളികളുടെ പുനരധിവാസ പദ്ധതികൾ</u>**

*512 **ശ്രീ വി കെ പ്രശാന്ത്**
**ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് ജീവനോപാധി നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിന് ആവിഷ്കരിച്ചിരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ഇതിൽ ഏതെല്ലാം പദ്ധതികൾ ഇതുവരെ നടപ്പിലാക്കിയിട്ടുണ്ട്; വിശദമാക്കുമോ;

(സി) 2011-16 കാലത്തെ സർക്കാർ പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്നതിന് എത്ര കോടി രൂപ അനുവദിച്ചിരുന്നു; അതിൽ എത്ര കോടി രൂപ ചെലവഴിക്കപ്പെട്ടിട്ടുണ്ട്; വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതികൾക്കായി 2016 മുതൽ നാളിതുവരെ എത്ര കോടി രൂപ അനുവദിക്കുകയും എത്ര കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്; വിശദാംശം നൽകാമോ?

## <u>ട്രെയിനിംഗ് ഫോർ കരിയർ എക്സലൻസ്</u>

*513 **ശ്രീ. എ. രാജ**
**ശ്രീ. ടി.ഐ.മധുസൂദനൻ**
**ശ്രീമതി ശാന്തകുമാരി കെ.**
**ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിലെ അഭ്യസ്തവിദ്യർക്ക് സർക്കാർ സംവിധാനത്തിൽ തൊഴിൽ പരിശീലനത്തിനും നൈപുണ്യ വികസനത്തിനും പ്രവൃത്തി പരിചയത്തിനുമായി ആവിഷ്കരിച്ച് നടപ്പിലാക്കിയ ട്രെയിനിംഗ് ഫോർ കരിയർ എക്സലൻസ് പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി എത്ര പേരെ വിവിധ ഓഫീസുകളിൽ ഓണറേറിയം നൽകി നിയമിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(സി) പ്രസ്തുത വിഭാഗങ്ങളിലെ അഭ്യസ്തവിദ്യർക്ക് മെച്ചപ്പെട്ട വരുമാനവും തൊഴിലും ലഭിക്കാൻ അവസരമൊരുക്കുമോയെന്ന് വ്യക്തമാക്കാമോ?

## <u>നിരോധിത വലകളും ലൈറ്റുകളും ഉപയോഗിച്ചുള്ള മത്സ്യബന്ധനം നിയന്ത്രിക്കാൻ നടപടി</u>

*514 **ഡോ. എം. കെ. മുനീർ**
**ശ്രീ. പി. കെ. ബഷീർ**
**ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ തീരക്കടലിൽ നിരോധിത വലകളും ലൈറ്റുകളും ഉപയോഗിച്ച് മത്സ്യബന്ധനത്തിൽ ഏർപ്പെടുന്ന സംഘങ്ങളും പരമ്പരാഗത മത്സ്യത്തൊഴിലാളികളും തമ്മിൽ സംഘർഷങ്ങൾ ഉണ്ടാകുന്നതായ റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ടോ;

(ബി) ഇതര സംസ്ഥാനങ്ങളിൽ നിന്നും എത്തുന്ന ഇത്തരം സംഘങ്ങൾക്ക് യൂസേഴ്സ് ഫീ ചുമത്താറുണ്ടോ;

(സി) ഇവരെ നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനും സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി വിശദമാക്കുമോ?

**<u>വംശനാശഭീഷണി നേരിടുന്ന ശുദ്ധജലമത്സ്യങ്ങളുടെ സംരക്ഷണം</u>**

*515 **ശ്രീ ജി എസ് ജയലാൽ**
**ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ. സി.സി. മുകുന്ദൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഗോളതാപനവും കാലാവസ്ഥാവ്യതിയാനവും സൃഷ്ടിക്കുന്ന അതിതീവ്ര പ്രകൃതി പ്രതിഭാസങ്ങളുടെ ഫലമായി ഉൾനാടൻ മത്സ്യ സമ്പത്തിന് ഉണ്ടായിക്കൊണ്ടിരിക്കുന്ന ശോഷണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കാമോ;

(ബി) സംസ്ഥാനത്തിന്റെ ജല ആവാസവ്യവസ്ഥയിലെ പ്രധാന കണ്ണികളായ പരമ്പരാഗത മത്സ്യയിനങ്ങളിൽ പലതും വംശനാശഭീഷണി നേരിടുന്ന സാഹചര്യത്തിൽ ഇവയെ സംരക്ഷിക്കുന്നതിനും ആവാസവ്യവസ്ഥയിലെ കണ്ണികൾ മുറിയാതിരിക്കുന്നതിനും വേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) വംശനാശഭീഷണി നേരിടുന്ന ഉൾനാടൻ ശുദ്ധജല മത്സ്യ ഇനങ്ങളുടെ നിലനിൽപ്പിനുവേണ്ടി കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആൻഡ് ഓഷ്യൻ സ്റ്റഡീസ് തുടക്കം കുറിച്ചിട്ടുള്ള പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(ഡി) കൊല്ലം ജില്ലയിലെ ശാസ്താംകോട്ട ശുദ്ധജല തടാകത്തിലെ ആവാസ വ്യവസ്ഥയിലെ പ്രധാന കണ്ണിയായ മഞ്ഞക്കൂരി എന്ന മത്സ്യയിനത്തിന്റെ വംശനാശഭീഷണിയെ നേരിടുന്നതിന് പ്രസ്തുത സ്ഥാപനം നടപ്പാക്കിയ പ്രവർത്തനങ്ങൾ വിശദീകരിക്കുമോ;

(ഇ) ഉൾനാടൻ ജലാശയങ്ങളിലെ വംശനാശഭീഷണി നേരിടുന്ന മത്സ്യ ഇനങ്ങളുടെ വിവരശേഖരണം നടത്തി അവയുടെ സ്വാഭാവിക നിലനിൽപ്പിന് ആവശ്യമായ ഗവേഷണവും പ്രവർത്തനങ്ങളും നടത്തുന്നതിന് കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആൻഡ് ഓഷ്യൻ സ്റ്റഡീസിനെ ചുമതലപ്പെടുത്തുമോ; വിശദീകരിക്കാമോ?

**<u>പരിവർത്തിത ക്രൈസ്തവർക്ക് പട്ടികജാതി സംവരണം</u>**

*516 **ശ്രീ. മാണി. സി. കാപ്പൻ**
**ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. പി. ജെ. ജോസഫ്**
**ശ്രീ. അനൂപ് ജേക്കബ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിയിൽ നിന്നുള്ള പരിവർത്തിത ക്രൈസ്തവർക്ക് പട്ടികജാതി സംവരണം ലഭിക്കുന്നതിന് വേണ്ടി സംസ്ഥാനം കേന്ദ്ര സർക്കാരിലേക്ക് ശിപാർശ നൽകിയിട്ടുണ്ടോ;

(ബി) പട്ടികജാതിയിൽപ്പെട്ട പരിവർത്തിത ക്രൈസ്തവരുടെ ജാതി സെൻസസ്

എടുത്തിട്ടുണ്ടോയെന്നറിയിക്കുമോ;

(സി) പ്രസ്തുത വിഭാഗക്കാരുടെ സ്റ്റൈപ്പന്റും/ലംപ്സം ഗ്രാന്റും സമയബന്ധിതമായി വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷന്റെ പ്രവർത്തന മൂലധനം ബഡ്ജറ്റിൽ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) പട്ടികജാതിക്കാർക്ക് ലഭിക്കുന്ന എല്ലാ ഭവന നിർമ്മാണ ആനുകൂല്യങ്ങളും ഭവനരഹിതരായ മുഴുവൻ പരിവർത്തിത ക്രൈസ്തവർക്കും കൂടി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## <u>മത്സ്യഭവനുകൾ നവീകരിക്കാൻ നടപടി</u>

*517 **ശ്രീ. എൻ. കെ. അക്ബർ**
**ശ്രീമതി യു പ്രതിഭ**
**ശ്രീമതി കാനത്തിൽ ജമീല**
**ഡോ. സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യഭവനുകളിൽ പ്രവർത്തനത്തിന് അനുയോജ്യമായ കെട്ടിട സൗകര്യമുള്ളവ എത്രയെണ്ണമുണ്ടെന്ന് വിശദമാക്കുമോ;

(ബി) എല്ലാ മത്സ്യഭവനുകളും സ്ത്രീ/ഭിന്നശേഷി സൗഹൃദമാക്കുന്നതിനും കെട്ടിടമില്ലാത്തവയ്ക്ക് കെട്ടിടം നിർമ്മിച്ച് നൽകുന്നതിനും എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഇതിനായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## <u>ആദിവാസി നഗറുകളിൽ വൈദ്യുതിയും ഇന്റർനെറ്റും</u>

*518 **ശ്രീ. ഐ. ബി. സതീഷ്**
**ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ. പി. വി. അൻവർ**
**ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആദിവാസി നഗറുകളിലെ വൈദ്യുതിയുള്ള മേഖലകളിൽ ഇന്റർനെറ്റ് കണക്റ്റിവിറ്റി ലഭ്യമാക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പട്ടികവർഗ്ഗ മേഖലകളിലെ വൈദ്യുതീകരണവുമായി ബന്ധപ്പെട്ട് വനാന്തരങ്ങളിലുള്ള നഗറുകളിൽ സോളാർ/ ഹൈബ്രിഡ് പദ്ധതി നടപ്പിലാക്കുവാൻ വൈദ്യുതി വകുപ്പുമായി ചേർന്ന് നടത്തിവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) പട്ടികജാതി പട്ടികവർഗ്ഗ നഗറുകളുടെ വൈദ്യുതീകരണത്തിന് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള കർമ്മ പദ്ധതികൾ സംബന്ധിച്ച് വിശദമാക്കാമോ?

## ഫ്ലോ മീറ്റർ സമയബന്ധിതമായി ഘടിപ്പിക്കാൻ നടപടി

*519 **ശ്രീ. പി.വി. ശ്രീനിജിൻ**
**ശ്രീ വി ജോയി**
**ശ്രീ. കെ. ബാബു (നെന്മാറ)**
**ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാട്ടർ അതോറിറ്റി പ്രതിദിനം വിതരണം ചെയ്യുന്ന ജലത്തിന്റെ അളവ് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ബി) കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ എത്ര ജല ശുദ്ധീകരണശാലകൾ പ്രവർത്തിക്കുന്നുണ്ടെന്നും അവയിലൂടെ ശുചീകരിച്ച് വിതരണം ചെയ്യുന്ന ജലത്തിന്റെ അളവ് കണക്കാക്കിയിട്ടുണ്ടോയെന്നും വിശദമാക്കാമോ;

(സി) എങ്കിൽ എത്ര ജല ശുചീകരണ ശാലകളിൽ ഫ്ലോമീറ്റർ ഘടിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കാമോ;

(ഡി) ഫ്ലോമീറ്റർ ഇല്ലാത്ത ജലശുചീകരണ ശാലകളിലൂടെ വിതരണം ചെയ്യുന്ന ജലത്തിന്റെ അളവ് എങ്ങനെയാണ് കണ്ടെത്തുന്നതെന്ന് അറിയിക്കാമോ;

(ഇ) എല്ലാ ശുദ്ധജല വിതരണ പദ്ധതികളിലൂടെയും വിതരണം ചെയ്യുന്ന ജലം കൃത്യമായി അളക്കുന്നതിന് ഫ്ലോമീറ്റർ സമയബന്ധിതമായി ഘടിപ്പിക്കുന്ന പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ ഇത് എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം നൽകാമോ?

## വിംഗ്സ് പദ്ധതി

*520 **ശ്രീ. കെ.കെ. രാമചന്ദ്രൻ**
**ശ്രീ. കെ. എം. സച്ചിൻദേവ്**
**ശ്രീ എം എസ് അരുൺ കുമാർ**
**ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന എസ്.സി., എസ്.ടി. വിദ്യാർഥികളുടെ പൈലറ്റാവുകയെന്ന സ്വപ്നം യാഥാർത്ഥ്യമാക്കുന്ന വിംഗ്സ് പദ്ധതി വ്യാപകമാക്കുന്നത് പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി മുഖേന പൈലറ്റ് കോഴ്സിന് സ്കോളർഷിപ്പ് നേടിയ എല്ലാ വിദ്യാർത്ഥികളും കോഴ്സ് പൂർത്തിയാക്കിയിട്ടുണ്ടോ;

(സി) ഈ പദ്ധതിയിൽ പഠിച്ചിറങ്ങുന്ന വിദ്യാർത്ഥികൾക്ക് ജോലി ലഭ്യമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## പുനർഗേഹം പദ്ധതി

*521 **ശ്രീ. സി. ആർ. മഹേഷ്**
**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**

**ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനർഗേഹം പദ്ധതി പ്രകാരം സ്ഥലം വാങ്ങുന്നതിനും വീട് നിർമ്മിക്കുന്നതിനും നിലവിൽ നൽകുന്നത് എത്ര രൂപയാണെന്ന് വ്യക്തമാക്കുമോ;

(ബി) നിർമ്മാണ സാമഗ്രികളുടെ വിലവർദ്ധനവ് കാരണം പ്രസ്തുത തുക വീട് നിർമ്മാണത്തിന് പര്യാപ്തമല്ല എന്നത് വസ്തുതയാണോ; വിശദമാക്കാമോ;

(സി) എങ്കിൽ ഈയിനത്തിലുള്ള തുക വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

## ജൽജീവൻ മിഷന്റെ കാലാവധി നീട്ടാൻ നടപടി

*522 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനങ്ങൾക്ക് കുടിവെള്ളം എത്തിക്കുന്ന ജൽജീവൻ മിഷന്റെ പ്രവർത്തനം നിലച്ചിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ;

(ബി) 2024 മാർച്ച് 31-ന് അവസാനിച്ച പദ്ധതിയുടെ കാലാവധി നീട്ടി നൽകാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

## പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ ഒരുമിച്ച് താമസിക്കുന്ന പ്രദേശങ്ങളുടെ പേരുമാറ്റം

*523 **ശ്രീമതി സി. കെ. ആശ**
**ശ്രീ വി ശശി**
**ശ്രീ പി എസ് സുപാൽ**
**ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപെടുന്നവർ ഒരുമിച്ച് താമസിക്കുന്ന പ്രദേശങ്ങൾ അടിമത്തത്തിന്റെയും കോളനിവാഴ്ചയുടെയും ഓർമ്മകൾ ജനിപ്പിക്കുന്ന തരത്തിലുള്ള പേരുകളിൽ അറിയപ്പെടുന്നത് മൂലം ഈ വിഭാഗത്തിന് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ ഒരുമിച്ച് താമസിക്കുന്ന പ്രദേശങ്ങളെ പുരോഗമന ജനാധിപത്യ മതനിരപേക്ഷ സമൂഹത്തിന് അനുയോജ്യമായ പേരുകളിൽ അറിയപ്പെടുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) പ്രസ്തുത വിഭാഗത്തിൽപ്പെട്ടവർക്ക് ഉണ്ടാകുന്ന അപകർഷതാബോധം ഇത്തരത്തിലുള്ള പേരുമാറ്റത്തിലൂടെ ഇല്ലാതാക്കുന്നതിന് സഹായിക്കുമോ; വിശദീകരിക്കുമോ;

(ഡി) സർക്കാരിന്റെ ഔദ്യോഗിക രേഖകളിൽ ഉൾപ്പെടെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ടവർ താമസിക്കുന്ന സ്ഥലങ്ങളെ അവർക്ക് അഭിമാന ബോധവും

ആത്മവിശ്വാസവും നൽകുന്ന പൊതു നാമധേയത്തിൽ രേഖപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ?

**കുട്ടികളിലെ കഴിവുകൾ വളർത്താൻ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ**

*524 **ശ്രീ. എം.വിജിൻ**
**ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീ. കെ. പ്രേംകുമാർ**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികളിലെ സർഗാത്മകത, ശാസ്ത്രബോധം എന്നിവ വളർത്താൻ എന്തെല്ലാം പദ്ധതികളാണ് സാംസ്കാരിക വകുപ്പ് ആവിഷ്കരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങൾ കൂടുതൽ കുട്ടികളിലേക്ക് എത്തിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിക്കുന്നത് ഏതെല്ലാം തരത്തിലുള്ള പുസ്തകങ്ങളാണെന്ന് അറിയിക്കുമോ?

**നാടൻ മത്സ്യക്കുഞ്ഞുങ്ങളുടെ ഉല്പാദനം**

*525 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ**
**ശ്രീ. എച്ച്. സലാം**
**ശ്രീ എം മുകേഷ്**
**ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യക്കർഷകരെ ഉൾപ്പെടുത്തി നാടൻ മത്സ്യ ഇനങ്ങളായ കരിമീൻ, വരാൽ എന്നിവയുടെ കുഞ്ഞുങ്ങളുടെ ഉല്പാദനത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; അതിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) നാളിതുവരെ എത്ര മത്സ്യക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്; ജില്ല തിരിച്ച് വിവരം ലഭ്യമാക്കുമോ;

(സി) ഈ പദ്ധതി തുടർന്നും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇത് സംസ്ഥാനത്തെ മത്സ്യവിത്ത് ഉല്പാദനത്തിന് എത്രത്തോളം സഹായകമായിട്ടുണ്ടെന്ന് വിശദമാക്കുമോ?

**ഹില്ലി അക്വയുടെ പ്രവർത്തന പുരോഗതി**

*526 **ഡോ. എൻ. ജയരാജ്**
**ശ്രീ. ജോബ് മൈക്കിൾ**
**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ**
**ശ്രീ. പ്രമോദ് നാരായൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ കീഴിലുള്ള കുപ്പിവെള്ള ഫാക്ടറിയായ ഹില്ലി അക്വയുടെ ഇതുവരെയുള്ള പ്രവർത്തന

പുരോഗതി അറിയിക്കാമോ; പ്രസ്തുത ഫാക്ടറിയുടെ പ്രവർത്തന മികവിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) സ്വീകാര്യത വർദ്ധിക്കുന്നതനുസരിച്ച് കുപ്പിവെള്ളം കൂടുതൽ ഉല്പാദനം നടത്തുന്നതിനും മാർക്കറ്റ് ചെയ്യുന്നതിനും സ്വീകരിച്ച നടപടി അറിയിക്കാമോ;

(സി) റെയിൽവേ/കെ.എസ്.ആർ.ടി.സി. സ്റ്റേഷനുകളിലും സർക്കാർ ഓഫീസ് സമുച്ചയങ്ങളിലും കൂടുതലായി കുപ്പിവെള്ളത്തിന്റെ സ്റ്റോക്ക് എത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) സർക്കാർ ഏജൻസികളായ കൺസ്യൂമർഫെഡ്, സപ്ലൈകോ, റേഷൻകടകൾ എന്നിവ വഴി കുപ്പിവെള്ളം വില്പന നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അത്തരം കേന്ദ്രങ്ങളിലേക്ക് വിപണനം വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

## ഡിജിറ്റലി കണക്റ്റഡ് ട്രൈബൽ ഏരിയ പദ്ധതി

*527 **ശ്രീ കെ യു ജനീഷ് കുമാർ**

**ശ്രീ. പി. വി. അൻവർ**

**ശ്രീ. എ. രാജ**

**ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികളിലെ അർബുദ ബാധിതരേയും രോഗ സാധ്യതയുള്ളവരേയും കണ്ടെത്താൻ ഡിജിറ്റലി കണക്റ്റഡ് ട്രൈബൽ ഏരിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയിൽ സഹകരിക്കുന്ന പ്രമുഖ അർബുദ ചികിത്സാ കേന്ദ്രങ്ങൾ ഏതൊക്കെയാണ് വിശദമാക്കുമോ;

(സി) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് പ്രസ്തുത പദ്ധതി വഴി തൊഴിൽ ലഭ്യമായിട്ടുണ്ടെന്നും വിദ്യാഭ്യാസ മേഖലയെ ഈ പദ്ധതിയുമായി ബന്ധപ്പെടുത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ?

## വന്യമൃഗങ്ങളുടെ രോഗപ്രതിരോധ ശേഷി

*528 **ശ്രീ വി ശശി**

**ശ്രീ പി എസ് സുപാൽ**

**ശ്രീ. പി. ബാലചന്ദ്രൻ**

**ശ്രീമതി സി. കെ. ആശ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനങ്ങളും ആവാസവ്യവസ്ഥയിലെ മാറ്റങ്ങളും വന്യമൃഗങ്ങളുടെ ആഹാര ദൗർലഭ്യവും അവയുടെ രോഗപ്രതിരോധശേഷി കുറയുന്നതിന് കാരണമാകുന്നു എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) കഴിഞ്ഞ എട്ട് വർഷത്തിനിടയിൽ ചരിഞ്ഞ 678 ആനകളിൽ 275 എണ്ണം അഞ്ച് വയസ്സിന് താഴെയുള്ളവയാണെന്ന കണ്ടെത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) കാട്ടാനകളെയും നാട്ടാനകളെയും ഒരുപോലെ ബാധിക്കുന്ന ഹെർപ്പസ് വൈറസുകൾ വിവിധ കാരണങ്ങളാൽ ആനകളുടെ മരണത്തിന് കാരണമാകുന്നുണ്ടോ; വിശദീകരിക്കുമോ;

(ഡി) കാട്ടിനുള്ളിലെ ആഹാര ദൗർലഭ്യം പരിഹരിച്ച് വന്യമൃഗങ്ങളുടെ പ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിനായി പശ്ചിമഘട്ട മലനിരകളിലെ സ്വാഭാവിക ജൈവവൈവിധ്യം നിലനിർത്തുന്നതിന് പദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ?

**<u>വിഴിഞ്ഞം ഹാർബർ നിർമ്മാണവുമായി ബന്ധപ്പെട്ട കരാർ</u>**

*529 **ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ. എം. വിൻസെന്റ്**
**ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം ഹാർബർ നിർമ്മാണത്തിനുള്ള പാറ ശേഖരിച്ച് കടൽമാർഗം കൊണ്ടുപോകുന്നതിന് വേണ്ടി അദാനി ഗ്രൂപ്പ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുമായി 2018-ൽ ഒപ്പുവച്ച ധാരണാപത്രത്തിന്റെ കാലാവധി അവസാനിച്ചത് എന്നാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ധാരണാപത്രത്തിൽ ഡ്രെഡ്ജർ ഉപയോഗിച്ച് ഹാർബറിന്റെ മൗത്തിൽ അടിഞ്ഞുകൂടിയ കല്ലുകളും ടെട്രാപോഡുകളും നീക്കം ചെയ്യുന്നതിന് വ്യവസ്ഥ ചെയ്തിരുന്നോ;

(സി) പ്രസ്തുത പ്രവൃത്തി നിർവ്വഹിക്കുവാൻ അദാനി ഗ്രൂപ്പിന് സാധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

**<u>പുതിയ സാംസ്കാരിക പദ്ധതികൾ</u>**

*530 **ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ. കെ. ബാബു (നെന്മാറ)**
**ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ ആരംഭിച്ച പുതിയ സാംസ്കാരിക പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തുടക്കം കുറിച്ച ഏതെല്ലാം സാംസ്കാരിക പദ്ധതികൾ നിലവിലെ സർക്കാർ പൂർത്തീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) 2016 മുതലുള്ള സർക്കാരുകൾ ആരംഭിച്ചതും പൂർത്തീകരിക്കാത്തതുമായ സാംസ്കാരിക പദ്ധതികൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ?

**<u>കോഴിക്കോടിന് യുനസ്ക്കോയുടെ അംഗീകാരം</u>**

*531 **ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ. പി. ടി. എ. റഹീം**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**
**ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോടിന് യുനെസ്കോയുടെ സാഹിത്യ നഗരമെന്ന അംഗീകാരം ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) എന്തെല്ലാം സവിശേഷതകളെ അടിസ്ഥാനമാക്കിയാണ് ഇന്ത്യയിലെ ആദ്യത്തെ സാഹിത്യ നഗരമായി ലോക ഭൂപടത്തിൽ കോഴിക്കോടിന് പദവി ലഭിച്ചത്; വിശദാംശം നൽകുമോ;

(സി) യുനെസ്കോ ലോകത്തിലെ സർഗാത്മക നഗരങ്ങളുടെ പട്ടികയിൽ കോഴിക്കോട് നഗരത്തെ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) പ്രസ്തുത അംഗീകാരങ്ങൾ കേരളത്തിന്റെ സാഹിത്യ-സാംസ്കാരിക മേഖലകളെ എങ്ങനെയെല്ലാം സ്വാധീനിക്കുമെന്ന് വിശദമാക്കാമോ?

## <u>നഴ്സിംഗ്, പാരാമെഡിക്കൽ കോഴ്സുകൾ പാസ്സാകുന്നവർക്ക് പരിശീലനം</u>

*532 **ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ ജി എസ് ജയലാൽ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നഴ്സിംഗ്, പാരാമെഡിക്കൽ കോഴ്സുകൾ പാസ്സാകുന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിലെ യുവതീ യുവാക്കൾക്ക് മികച്ച പരിശീലനം ഉറപ്പാക്കി അന്താരാഷ്ട്ര തലത്തിൽ തൊഴിൽ നേടുന്നതിനുൾപ്പെടെ പ്രാപ്തരാക്കേണ്ടതിന്റെ ആവശ്യകത പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) ഇവർക്ക് വിവിധ സർക്കാർ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും ഓണറേറിയത്തോടെയുള്ള അപ്രന്റീസ്ഷിപ്പ് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) സ്വകാര്യ മെഡിക്കൽ കോളേജുകളിലും സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളിലും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ശിപാർശ പ്രകാരം ഇത്തരം അപ്രന്റീസ്ഷിപ്പ് നൽകി കൂടുതൽ പേർക്ക് തൊഴിൽ പരിചയം ഉറപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ;

(ഡി) നഴ്സിംഗ്, പാരാമെഡിക്കൽ കോഴ്സുകൾ പാസായ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വിദേശരാജ്യങ്ങളിൽ തൊഴിൽ ലഭിക്കുന്നതിന് ആവശ്യമായ അനുബന്ധ കോഴ്സുകൾ സംസ്ഥാനത്ത് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## <u>കുഴൽക്കിണർ നിർമ്മാണ മേഖലയിലെ ചൂഷണം</u>

*533 **ശ്രീ ആന്റണി രാജു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുഴൽക്കിണർ നിർമ്മാണ മേഖലയിൽ വ്യാപകമായ ചൂഷണം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) ഡ്രില്ലിംഗ് റിഗ്ഗുകൾ രജിസ്റ്റർ ചെയ്യണമെന്ന വ്യവസ്ഥ നിലവിലുണ്ടോ; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വെളിപ്പെടുത്താമോ;

(സി) അനധികൃത റിഗ്ഗുകൾക്ക് പിഴ ഈടാക്കുന്നതിന്റെ വിശദവിവരം അറിയിക്കാമോ;

(ഡി) സർക്കാർ മേഖലയിൽ കൂടുതൽ യന്ത്രങ്ങൾ വാങ്ങി ഇത്തരത്തിലുള്ള ചൂഷണം ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

**<u>പട്ടികജാതി വിഭാഗക്കാരുടെ ക്ഷേമപദ്ധതികൾ</u>**

*534 **ശ്രീ. എം. എം. മണി**
**ശ്രീ എം എസ് അരുൺ കുമാർ**
**ശ്രീ. കെ.വി.സുമേഷ്**
**ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിക്കാരുടെ സാമൂഹിക - സാമ്പത്തിക - സാംസ്കാരിക ക്ഷേമത്തിനായിട്ടുള്ള പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് കേന്ദ്ര സർക്കാർ വിഹിതം ലഭ്യമല്ലാത്ത സ്ഥിതി നിലവിലുണ്ടോ; വിശദമാക്കാമോ;

(ബി) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പദ്ധതികൾ അർഹരായ ഗുണഭോക്താക്കൾക്കുതന്നെയാണോ ലഭിക്കുന്നതെന്ന് ഉറപ്പുവരുത്തുന്നതിനും എസ്.സി., എസ്.ടി പ്രൊമോട്ടർമാരുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനുമായി പ്രത്യേക പരിശീലന പരിപാടികൾ സംഘടിപ്പിക്കാറുണ്ടോ; വ്യക്തമാക്കുമോ;

(സി) പട്ടികജാതി വിഭാഗത്തിൽപ്പെട്ട തൊഴിൽ രഹിതർക്ക് സംസ്ഥാനത്തും വിദേശത്തും തൊഴിൽ ലഭ്യമാക്കുന്നതിനും സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

**<u>സമുദ്ര ബസ്</u>**

*535 **ശ്രീ. കെ. ജെ. മാക്സി**
**ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യ വിപണനം നടത്തുന്ന വനിതകളുടെ യാത്രാ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി കെ.എസ്.ആർ.ടി.സി.യും ഫിഷറീസ് വകുപ്പും സംയുക്തമായി ആവിഷ്കരിച്ച് നടപ്പിലാക്കിയ സമുദ്ര ബസ്സിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) മത്സ്യത്തൊഴിലാളി വനിതകൾക്ക് ഏറെ പ്രയോജനം ലഭിക്കുന്ന സമുദ്ര ബസ് പദ്ധതി മറ്റ് ജില്ലകളിലേക്ക് കൂടി വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) മത്സ്യങ്ങൾ ഗുണനിലവാരം ഉറപ്പാക്കി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിന് മത്സ്യ സൂപ്പർ മാർക്കറ്റ് ആരംഭിക്കുന്നത് പരിഗണിക്കുമോ; വിശദമാക്കുമോ?

## ഹില്ലി അക്വാ കുപ്പിവെള്ളത്തിന്റെ വിറ്റുവരവ്

*536 **ശ്രീ. ടി.ഐ.മധുസൂദനൻ**
**ശ്രീ. പി. നന്ദകുമാർ**
**ശ്രീ. കെ. ആൻസലൻ**
**ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ വിപണിയിൽ എത്തിച്ച ഹില്ലി അക്വാ കുപ്പിവെള്ളത്തിന്റെ വിറ്റുവരവിലൂടെ ഇക്കഴിഞ്ഞ വേനൽക്കാലത്ത് എത്ര കോടി രൂപയുടെ അധികനേട്ടം ഉണ്ടാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ വർഷത്തെ ആകെ വിറ്റുവരവ് എത്ര കോടി രൂപയായിരുന്നു എന്ന് അറിയിക്കുമോ;

(സി) വിറ്റുവരവ് കൂടുന്നതിനനുസരിച്ച് ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ഡി) കഴിഞ്ഞ സാമ്പത്തികവർഷം എത്ര കോടി രൂപയുടെ വരുമാനമാണ് കമ്പനി നേടിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

## അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതി

*537 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ**
**ശ്രീ. പ്രമോദ് നാരായൺ**
**ശ്രീ. ജോബ് മൈക്കിൾ**
**ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതിയിലൂടെ ലക്ഷ്യമിട്ടിരിക്കുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ഗ്രാമങ്ങളെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ അറിയിക്കാമോ; അവ അടുത്ത കാലത്ത് പുതുക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട പൂർത്തിയാക്കാത്തതും പൂർത്തിയായിട്ട് കൈമാറാത്തതുമായ ഗ്രാമങ്ങളുടെയും പ്രവൃത്തികളുടെയും അവലോകനം നടത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട ഗ്രാമങ്ങളുടെ പുനരുദ്ധാരണം സമയബന്ധിതമായി പൂർത്തിയാക്കാനും പൂർത്തിയാക്കിയവ കൈമാറാനുമുള്ള നടപടികൾ

ത്വരിതപ്പെടുത്താമോ?

**ജലവിഭവ വകുപ്പ് നടപ്പിലാക്കുന്ന ചെറുകിട കുടിവെള്ള പദ്ധതികൾ**

*538 **ശ്രീ. പി. മമ്മിക്കുട്ടി**

**ശ്രീ. എം. എം. മണി**

**ശ്രീ ജി സ്റ്റീഫൻ**

**ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം ജലവിഭവ വകുപ്പ് നടപ്പിലാക്കിയതും നിലവിൽ നടപ്പാക്കിവരുന്നതുമായ ചെറുകിട കുടിവെള്ള പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ; ഓരോ പദ്ധതിക്കും ചെലവാക്കിയ തുക ഇനം തിരിച്ച് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പൂർത്തീകരണത്തിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

**ഡാമുകളുടെ സുരക്ഷ ഉറപ്പാക്കാൻ മുൻകരുതലുകൾ**

*539 **ശ്രീ. വി. ആർ. സുനിൽകുമാർ**

**ശ്രീ. ഇ കെ വിജയൻ**

**ശ്രീ . മുഹമ്മദ് മുഹസിൻ**

**ശ്രീ. വാഴൂർ സോമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലഭിക്കുന്ന മഴയുടെ അളവ് വർദ്ധിക്കുന്നത് കണക്കിലെടുത്ത് പുഴകളിലും ഡാമുകളിലും പ്രതിദിനം എത്തിച്ചേരുന്ന ജലത്തിന്റെ അളവിന്റെയും ഡാമുകളുടെ ശേഷിയുടെയും അടിസ്ഥാനത്തിൽ അവയുടെ സുരക്ഷ ഉറപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മുൻകരുതലുകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) നീരൊഴുക്കിന്റെ അളവ് വർദ്ധിക്കുന്നതിന് അനുസരിച്ച് പ്രളയ സാധ്യത ഇല്ലാതാക്കുന്നതിനും ചെറുഡാമുകളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) മേജർ ഡാമുകളുടെ സുരക്ഷ പരിഗണിച്ച്, അപകട നിലയ്ക്ക് മുകളിലേക്ക് ഉയരുന്ന ജലം സുരക്ഷിതമായി ഒഴുക്കിക്കളയുന്നതിന് കുറ്റമറ്റ സംവിധാനം എല്ലാ ഡാമുകളിലും ഉറപ്പാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) വേനൽക്കാലത്ത് ഭൂഗർഭ ജലവിതാനം അപകടകരമായ നിലയിൽ താഴ്ന്ന പ്രദേശങ്ങളിൽ, മൺസൂൺ കാലത്ത് ലഭിക്കുന്ന മഴവെള്ളം ഭൂഗർഭജല സംപോഷണത്തിന് പ്രയോജനപ്പെടുത്തുന്നതിനായി പ്രത്യേകമായ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

**പട്ടികജാതി, പട്ടികവർഗ്ഗ, ഒ.ഇ.സി. വിദ്യാർത്ഥികൾക്കുള്ള ഗ്രാന്റ്**

*540 **ശ്രീ. എൻ. എ. നെല്ലിക്കുന്ന്**

**ശ്രീ. കുറുക്കോളി മൊയ്തീൻ**

**ശ്രീ. നജീബ് കാന്തപുരം**

**ശ്രീ. പി. ഉബൈദുള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ, ഒ.ഇ.സി. വിദ്യാർത്ഥികൾക്ക് നൽകിവരുന്ന ഹോസ്റ്റൽ ഫീസ് യഥാസമയം നൽകാത്തതിനാൽ പല കോളേജ് ഹോസ്റ്റലുകളിലും വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്നില്ലെന്ന വിഷയം പരിശോധിച്ചിട്ടുണ്ടോ;

(ബി) ഹോസ്റ്റൽ വാടക ഉൾപ്പെടെയുള്ളവ വർദ്ധിപ്പിക്കണമെന്ന ആവശ്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) ഗ്രാന്റ് ലഭിക്കാത്തതിനാൽ വിദ്യാർത്ഥികൾ പഠനം ഉപേക്ഷിക്കേണ്ടിവരുന്നത് തടയാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
2024 ജൂലൈ 2, ചൊവ്വ

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u>

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].